"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ്&എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം: E14/4513/2018/IMG/CE/LSGD

തീയതി: 12/02/2021

## ഓവർസിയർമാർക്കുള്ള പ്രവേശന പരിശീലന പരിപാടി

കേരളത്തിലെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് വിഭാഗവും ജനങ്ങളോട് ചേർന്നു നിന്നു പ്രവൃത്തിക്കുന്നതുമായ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ പ്രവേശിക്കുന്ന താങ്കൾക്ക് ഹൃദ്യമായ അനുമോദനം.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ ഫീൽഡ് ലെവൽ സാങ്കേതിക വിഭാഗം തസ്തികയായ ഓവർസിയർമാരുടെ എണ്ണം പരിമിതമായതിനാൽ സംസ്ഥാനത്തെ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സേവന മേഖലയെ പൊതു സർവ്വീസ് എന്ന പുതു കാൽവെപ്പ് കുറിച്ചു സേവനം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ അധികമായി 195 മൂന്നാം തരം ഓവർസിയർ തസ്തികകൾ പുതുതായി സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉദ്യോഗസ്ഥർ പൊതുജനങ്ങളുമായി നേരിട്ട് സംവദിച്ച്, പൊതുജനസേവനം കാര്യക്ഷമമായ രീതിയിൽ ഉറപ്പാക്കേണ്ടതും, പൊതുമരാമത്തു പ്രവൃത്തികളിൽ നിർമ്മാണ വൈദഗ്ദ്യമുള്ളവരുടെ മേൽ നോട്ടവും, സാങ്കേതിക ചുമതലകൾ സമയബന്ധിതമായി നിറവേറ്റേണ്ടതും ആവശ്യമായി വരുന്നു. സേവന മേഖലയിൽ ജനങ്ങളുമായി നേരിട്ട് പ്രവൃത്തിക്കേണ്ട തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ പരിശീലനം ലഭിക്കാതെ സർവ്വീസിൽ പ്രവേശിക്കുമ്പോൾ നേരിടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിനാൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പൊതുജനങ്ങൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് സർവ്വീസും പൊതുജനങ്ങളുടെ ആവശ്യകതയും ഏകോപിപ്പിച്ച് പൊതു സേവനം നിറവേറ്റുന്നതിനായും,പുതുതായി പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു പരിശീലന പരിപാടി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. ആയതിന്റെ ഭാഗമായി ആദ്യത്തെ പരിശിലന പരിപാടി ഫെബ്രുവരി 19, 20 തീയതികളിൽ മൂന്നാം തരം ഓവർസിയർ തസ്തികയിലേക്ക് പുതുതായി നിയമന നിർദ്ദേശം ലഭിച്ച ഉദ്യോഗാർത്ഥികൾക്കായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടി **ബഹു: തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അവർകൾ 19/02/2021 തീയതി 10.30 ന് ഉദ്ഘാടനം നിർവ്വഹിക്കുന്നു.** ടി പരിശീന പരിപാടിയിൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്.

**ഹാജരാകേണ്ട സമയം** : **9.00 മണി**
**സ്ഥലം** : **കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.**

പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക്
കോ-ഓർഡിനേറ്റർ - ശ്രീ. രാജീവ്.കെ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ - 9846076999
ജൂനിയർ സൂപ്രണ്ട് : ശ്രീ. ഷാനവാസ് .എം - 9400330690

**ചീഫ് എഞ്ചിനീയർ.**

കുറിപ്പ്: ഭക്ഷണവും താമസ സൗകര്യവും കിലയിൽ ഒരുക്കുന്നതാണ്.

sk/-